ഗീതം ഗീതം ജയ ജയ ഗീതം

പാടുവിൻ സോദരരേ!

നമ്മൾ–യേശുനാഥൻ ജീവിക്കുന്നതിനാൽ

ജയ ഗീതം പാടിടുവിൻ –2

പാപം ശാപം സകലവും തീർപ്പാൻ

അവതരിച്ചിഹെ നരനായ് –2

ദൈവകോപത്തീയിൽ വെന്തെരിഞ്ഞവനായ്

രക്ഷകൻ ജീവിക്കുന്നു –2 ഗീതം....

ഉലകമഹാത്മാരഖിലരുമൊരുപോൽ

ഉറങ്ങുന്നു കല്ലറയിൽ –2

നമ്മൾ ഉന്നതൻ യേശുമഹേശ്വരൻ മാത്രമ–

ങ്ങുയരത്തിൽ വാണിടുന്നു –2 ഗീതം....

കലുഷതയകറ്റി കണ്ണുനീർ തുടപ്പിൻ

ഉൽസുകരായിരിപ്പിൻ –2

നമ്മൾ ആത്മനാഥൻ ജീവിക്കവേ ഇനി

അലസത ശരിയാമോ? –2 ഗീതം....

വാതിലുകളെ നിങ്ങൾ തലകളെ ഉയർത്തുവിൻ

വരുന്നിതാ ജയരാജൻ –2

നിങ്ങൾ ഉയർന്നിരിപ്പിൻ കതകുകളേ

ശ്രീ യേശുവേ സ്വീകരിപ്പാൻ –2 ഗീതം....

Geetham geetham jaya jaya geetham

paaduvin sodarare

nammal yeshunathan jeevikkunnathinal

jayageetham paadiduvin

paapam shaapam sakalavum theerppaan

avatharichihe naranaay

daivakopatheeyil ventherinjavanaay

rakshakan jeevikkunnu

geetham……

ulakamahaathmaarakhilarumorupol

urangunnu kallarrayil

nammal unnathan yeshumahesvaran mathrama

nguyaraththil vaanidunnu

geetham……

kalushathayakatti kannuneer thudappin

ulsukaraayirippin

nammal aathmanathan jeevikkave ini

alasatha sariyaamo

geetham……..

vaathilukale ningal thalakale uyarththuvin

varunnitha jayaraajan

ningal uyarnnirippin kathakukale

sree yeshuve sweekarippaan

geetham…….